ശ്രീ. വി. കെ. സി. മമ്മത്കോയ: നെൽക്കൃഷിയുടെ വിസ്തൃതി 2001-2002-ൽ 3.22 ലക്ഷം ഹെക്ടർ ആയിരുന്നത് 2002-2003-ൽ 3.11 ലക്ഷം ഹെക്ടറായി കുറഞ്ഞിരിക്കുന്നു. അതുപോലെ തെങ്ങുകൃഷിയുടെ വിസ്തൃതി ഒരു വർഷംകൊണ്ട് 236 ഹെക്ടർ കുറഞ്ഞിരിക്കുന്നു. ഈ തരത്തിൽ കുറവു വരാനുണ്ടായ സാഹചര്യമെന്താണെന്നും അത് പരിശോധിക്കുന്നതിന് കൃഷി വകുപ്പിൽ എന്തെങ്കിലും പരിപാടികളുണ്ടോ എന്നും വ്യക്തമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: വ്യക്തമായി അതേക്കുറിച്ച് ഒരു ഉത്തരം പറയാൻ എനിക്കറിയില്ല. നിയമമുണ്ട്. ഇത് എഫക്ടീവായി നടത്തുന്നതിന് ആവശ്യമായ നടപടികൾ എടുക്കാനെന്തുവേണമെന്ന് കൂട്ടായി ആലോചിക്കണം. 5-2-2002-ൽ ഇഷ്യൂ ചെയ്ത ഓർഡർ പ്രകാരം അഞ്ചു സെന്റു ഭൂമിയില്ലാത്തവർക്ക് വീടു വയ്ക്കാനായി മാത്രം നികത്താനുള്ള അനുവാദമാണ് കൊടുത്തത്. അത് ഇന്ന് ദുരുപയോഗപ്പെടുത്തുകയാണ്. അതിനു മുമ്പും ധാരാളം നിലം നികത്തൽ നടന്നിരിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം

*2 T [206] ശ്രീ. എ. സി. ഷണ്മുഖദാസ്:
" കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക എത്ര തവണകളായിട്ടാണ് ഇപ്പോൾ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റ് വിഹിതം ലഭിക്കുന്നതിനുള്ള കാലതാമസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങളെ സ്തംഭിപ്പിക്കുന്നു എന്നത് പരിഗണിച്ച് ഫണ്ട് യഥാസമയം വിതരണം ചെയ്യാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത് സംബന്ധിച്ച് അവസാനം പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ,

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന പദ്ധതി വിഹിതം 12 തുല്യ മാസ ഗഡുക്കളായിട്ടാണ് ഇപ്പോൾ നൽകിവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കും പരിപാടികൾക്കുംവേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള പ്ലാൻ, നോൺ പ്ലാൻ ഫണ്ടുകൾ (കേന്ദ്രാവിഷ്ക്കൃത പദ്ധതി ഉൾപ്പെടെ) അതാതു വകുപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അലോട്ട്മെന്റ് വഴി നൽകുന്നു.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.††

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, 1996 ആഗസ്റ്റ് 6-ലെ ഉത്തരവുപ്രകാരം നാലു ത്രൈമാസ ഗഡുക്കളും 2003 ജൂലൈ 9-ലെ ഉത്തരവ് പ്രകാരം 12 മാസ ഗഡുക്കളും 2004 ജൂൺ 11-ന് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം 1 മുതൽ 14 ഗഡുക്കളും വരെ വിതരണം ചെയ്യുമെന്ന് പറഞ്ഞിരുന്നു. ഒരു സാമ്പത്തിക വർഷത്തിന്റെ അർദ്ധവർഷം കടന്നു കഴിഞ്ഞു. ഈ വർഷം ഇനി എത്ര ഗഡുക്കൾ കൂടി വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശങ്കരനാരായണൻ: നാലു ഗഡുക്കളായി കൊടുക്കാനുള്ള തീരുമാനം 1996-ൽ എടുത്തതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷവും അതു തുടരുകയാണ്. ഈ വർഷമാണ് ഒരു ജി.ഒ. കൊണ്ടുവന്നത്. അതിൽ 12 ഗഡുക്കളായി കൊടുക്കാനാണ് തീരുമാനിച്ചത്. അങ്ങനെ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് വന്നപ്പോൾ, ചെക്കു സിസ്റ്റത്തിനു പകരമായി ബിൽ സിസ്റ്റം കൊണ്ടുവന്നു. ബിൽ സിസ്റ്റത്തിൽ കുറച്ചുകൂടി ട്രെയിനിംഗ് വേണമെന്ന് ലോക്കൽ ബോഡീസിന്റെ ഭാഗത്തുനിന്നും ആവശ്യം ഉന്നയിച്ചതിന്റെ പശ്ചാത്തലത്തിലാണ് ഇത് 1-10-2004 മുതൽക്ക് നടപ്പിലാക്കാൻ വേണ്ടി തീരുമാനിച്ചത്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഒരു പ്രോജക്ടിനുവേണ്ടി സ്ഥലം കിട്ടണമെങ്കിൽ ലാന്റ് വാല്യുവേഷൻ തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തീകരിക്കണം. അതിനുവരുന്ന കാലതാമസം ഒരു വശത്ത്. എഞ്ചിനീയർമാർ ഒരു വർഷത്തോളം പഞ്ചായത്തുകളുടെ അനുവദിക്കപ്പെട്ട തുക ചെലവഴിക്കാതെ വരുമ്പോൾ അത് തിരിച്ചുപിടിക്കുകയാണ് ചെയ്യുന്നത്. തിരിച്ചുപിടിക്കുന്നതിൽ പഞ്ചായത്തുകളുടെ ഓൺ ഫണ്ടുവരെ ഉൾപ്പെടും. ഇത് പഞ്ചായത്തുകളെ സ്തംഭനേത്തിൽ എത്തിക്കുകയാണ്. ഗവൺമെന്റ് ഇത് പരിശോധിച്ചിട്ടുണ്ടോ; ന്യായമായ കാരണത്താൽ ഇത് ചെലവഴിക്കാൻ പറ്റാത്തവർക്ക് അത് ചെലവഴിക്കാനുള്ള ഉത്തരവു കൊടുക്കാൻ ദയയുണ്ടാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: കഴിഞ്ഞ വർഷം ബാക്കി വച്ചിട്ടുള്ള പഞ്ചായത്തുകൾക്ക് ചെക്ക് ക്യാഷ് ചെയ്യാൻ പറ്റാത്ത സംഖ്യ ചെലവഴിക്കാനുള്ള അനുവാദം വേണമെന്നു പറഞ്ഞപ്പോൾ അഞ്ചു ഗഡുക്കളായി കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ അഞ്ചു ഗഡുക്കളായി കൊടുത്തു.

---

† അനുബന്ധം I

†† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: അങ്ങയുടെ ഉത്തരത്തിൽ അനുബന്ധമായി പറഞ്ഞു, ചെക്ക് സിസ്റ്റം മാറ്റി ബിൽ സമ്പ്രദായം ഏർപ്പെടുത്തുമെന്ന്. അതിനുള്ള ഉത്തരവ് 1/4 മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്നും പറഞ്ഞു. ചെക്ക് സിസ്റ്റം മാറ്റി ബിൽ സമ്പ്രദായമാക്കുമ്പോൾ പണം കയ്യിൽ സൂക്ഷിക്കുന്നതിനുള്ള സൗകര്യം സെക്രട്ടറിക്കും ഉദ്യോഗസ്ഥൻമാർക്കും ലഭിക്കും. കരാറുകാർക്കു കൊടുക്കേണ്ട പണം കയ്യിൽ തന്നെ ധാരാളം കാലം സൂക്ഷിക്കാം. അഴിമതി നടത്താനുള്ള സൗകര്യം ഉദ്യോഗസ്ഥന്മാർക്ക് ഇതുമൂലം ലഭിക്കുന്നു. അത് പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: അഴിമതിയും ഇതുമായി യാതൊരു ബന്ധവുമില്ല. ഇപ്പോൾ ഗവൺമെന്റിൽ ബിൽ സിസ്റ്റമാണുള്ളത്. പുതിയ സ്സിസ്റ്റം പഞ്ചായത്തിലേയ്ക്കു കൊണ്ടുവരുന്നു എന്നു മാത്രമേയുള്ളൂ. അഴിമതി നടത്തുന്ന വർക്ക് ഏതു സിസ്റ്റമായാലും അഴിമതി നടത്താം.

ശ്രീ. കെ. പി. മോഹനൻ: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എക്സ്പെന്റിച്ചർ സീലിംഗ്, വാർഷിക പദ്ധതി വിഹിതമായി പരിമിതപ്പെടുത്തി ഫിനാൻസ് സെക്രട്ടറി ഉത്തരവ് ഇറക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിന്റെ സിംഹഭാഗവും നബാർഡ് നിബന്ധനപ്രകാരം ഇപ്പോൾ ആർ.ഐ.ഡി.എഫ്. ഫണ്ടാക്കി മാറ്റിയതുകൊണ്ട് ഈ വർഷം സ്പിൽ ഓവർ ബാദ്ധ്യതപോലും ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. അത് മാറ്റാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: പഞ്ചായത്തുകൾക്ക് പ്ലാനിന്റെ മൂന്നിലൊന്ന് കൊടുക്കാനാണ് നമ്മുടെ തീരുമാനം. അതാണ് മുൻകാലങ്ങളിലായി നടന്നുവരുന്നത്. അതിനുപുറമെ പ്ലാനിലും നോൺ പ്ലാനിലും നമ്മൾ ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്ലാനിൽ 1464.18 കോടി രൂപയുണ്ട്. നോൺ പ്ലാനിൽ 294.79 കോടി രൂപയുണ്ട്. പ്ലാനിലുള്ള 23, 24, വകുപ്പ് നമ്മൾ ലോക്കൽ ബോഡീസിനു വിട്ടുകൊടുത്തപ്പോൾ അതാതു ഡിപ്പാർട്ടുമെന്റിലുള്ള പ്ലാൻ ഫണ്ടിൽനിന്നും കൊടുക്കുന്ന വിഹിതമാണ് ഞാൻ പറഞ്ഞത്. ആ നിലയ്ക്ക് നമ്മൾ മുന്നോട്ടുപോകുമ്പോൾ അതിൽ ചെറിയൊരു പ്ലാൻ കട്ടു വന്നിട്ടുണ്ടെങ്കിൽപ്പോലും അത് 15 ശതമാനമാകുകയാണ്. പഞ്ചായത്തുകൾക്ക് കൊടുക്കാനുള്ള മുഴുവൻ എമൗണ്ടും കൊടുത്തിട്ടുണ്ട്. അതാതു മാസം കൊടുക്കാൻവേണ്ടി തീരുമാനിക്കുമ്പോൾ പഞ്ചായത്തുകൾക്ക് (ലോക്കൽ ബോഡീസിന്) അതാതു മാസം തന്നെ ചെലവഴിക്കാൻ സാധിക്കും.

ശ്രീ. സി. കെ. നാണു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച വിവിധ വകുപ്പുകളുടെ സംഖ്യയിൽനിന്നും ഏതെങ്കിലും സംഖ്യ തിരിച്ചുപിടിച്ച് മറ്റു വകുപ്പുകൾ മുഖേന ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ വല്ലതും നടക്കുന്നുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇല്ല. അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ല.

ശ്രീ. സി. കെ. നാണു: കൊടുത്തിരുന്ന പണം തിരിച്ചുപിടിച്ചതിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകില്ലേ; അതിനു പരിഹാരമായി നടപടികൾ സ്വീകരിക്കേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: ഇതിനൊരു വ്യക്തമായ സിസ്റ്റം കൊണ്ടു വന്നില്ലെങ്കിൽ ശരിയാകില്ല. ഓരോ സമയത്തും ചെലവഴിക്കേണ്ട തുക അതാതു കാലപരിധിക്കുള്ളിൽ ചെലവഴിക്കാത്ത സാഹചര്യത്തിലാണ് ഇങ്ങനെയൊരു സിസ്റ്റം വച്ചിരിക്കുന്നത്. അതവർക്ക് അനുകൂലമായിട്ടായിരിക്കും.

ശ്രീ. ബി. വിജയകുമാർ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ച ഫണ്ട് മാർച്ച് 31-ാം തീയതി വരെ പണി ചെയ്യാതെ നിരവധി ചെക്കുകൾ എഴുതിക്കൊടുത്ത് തുക ചെലവാക്കിയതായി കാണിച്ച് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അതിനെക്കുറിച്ച് അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്, അതിനുള്ള നിവാരണ മാർഗ്ഗവും ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, കഴിഞ്ഞ സാമ്പത്തികവർഷം ഏതാണ്ട് 15 ശതമാനം തുകയാണ് കട്ട് ചെയ്തതെന്നു പറഞ്ഞു. അതിനുമുമ്പുള്ള വർഷം 25 ശതമാനം തുകയാണ് കട്ട് ചെയ്തിട്ടുള്ളത്. കഴിഞ്ഞ വർഷം തദ്ദേശ സ്ഥാപന ങ്ങൾക്ക് കൊടുത്തതിന്റെ മൂന്നിലൊന്ന് തുക മാത്രമാണ് ഫലത്തിലുള്ളത്. മാത്രവുമല്ല ബിൽ സിസ്റ്റം കൂടി ഏർപ്പെടുത്തുകയാണ്. ഫലത്തിൽ തദ്ദേശ സ്വയംഭരണ സമിതികളുടെ പ്രവർത്തനങ്ങളെ ശ്വാസം മുട്ടിക്കുന്നതിന് തുല്യമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സമിതികൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞ ഒരു സാഹചര്യമുണ്ടായിരുന്നു. ആവശ്യത്തിന് ഫണ്ട് കൊടുക്കുമായിരുന്നു. അതുകൊണ്ട് നമ്മുടെ നാട്ടിലാകമാനം വികസന പ്രവർത്തനങ്ങൾ നടക്കുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. ഇന്ന് നമ്മുടെ ഗ്രാമങ്ങളിൽ വികസന പ്രവർത്തനങ്ങൾ വേണ്ടത്ര രീതിയിൽ നടക്കുന്നില്ല. അതിന്റെ പ്രധാനപ്പെട്ട കാരണമെന്നു പറയുന്നത് തദ്ദേശസ്വയംഭരണ സമിതി കൾക്കാവശ്യമായ ഫണ്ട് കൊടുക്കാത്തതാണ്. മാത്രവുമല്ല കൊടുത്ത ഫണ്ടു തന്നെ തിരികെ പിടിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നു. ബിൽ സിസ്റ്റംപോലുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തിക്കൊണ്ട് എല്ലാത്തരത്തിലും പ്രതിസന്ധി സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ഈ സമീപനം മനസ്സിലാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇത് ചോദിച്ചത് നന്നായി. കാരണം എത്ര ശതമാനം കട്ട് ചെയ്തു, എത്ര ശതമാനം കൊടുത്തു, എത്ര ശതമാനം കൊടുത്തില്ല എന്നുള്ളത് പറഞ്ഞു. ഈ ഗവൺമെന്റിന്റെ കയ്യിലുള്ള കണക്കിൽ പറയുന്നത് 1996-2001 കാലഘട്ടത്തിൽ കൊടുത്ത തുക 3788.53 കോടി രൂപയാണ് എന്നാണ്. ഈ ഗവൺമെന്റ് മൂന്ന് വർഷക്കാലത്തിനു ള്ളിൽ കൊടുത്തത് 3075.32 കോടി രൂപയാണ്. ഞാൻ കണക്കുകൾ വച്ചാണ് പറയുന്നത്. അല്ലാതെ പറയാൻ പറ്റത്തില്ലല്ലോ. ഈ മൂന്നു വർഷക്കാലത്തി നുള്ളിൽ 3075.32 കോടി രൂപ കൊടുത്തിട്ടുണ്ട്. ശ്രീ. സുപാൽ പറയുന്ന ആ കാലഘട്ടത്തിൽ കൊടുത്തിട്ടുള്ളത് 3788.53 കോടി രൂപയാണ്. ഈ ഗവൺമെന്റ്

അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തുകൾക്ക് കൃത്യമായി പണം കൊടുക്കുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. ബിൽ സിസ്റ്റമെന്നു പറയുന്നത് വളരെ ആലോചിച്ച് ഡിസ്കഷന്റ് നടത്തി നടപ്പിലാക്കാൻ തീരുമാനിച്ചതാണ്. പക്ഷെ ഈ സിസ്റ്റം പുതുതായി കൊണ്ടുവന്നപ്പോൾ ലോക്കൽ ബോഡീസിന് കുറച്ചുകൂടി ട്രെയിനിംഗ് വേണമെന്നുള്ളത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും മറ്റു മന്ത്രിമാരും ആവശ്യപ്പെട്ടപ്പോഴാണ് രണ്ടുമൂന്നു മാസം നീട്ടിക്കൊടുത്തത്.

<u>ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:</u> സർ, മൊത്തം വരുമാനത്തിന്റെ മൂന്നിലൊരു ഭാഗമാണ് ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കുന്നതെന്ന് പറയുകയുണ്ടായി. തനതു ഫണ്ടോ മറ്റു തരത്തിലുള്ള സാമ്പത്തിക സഹായമോ ഇല്ലാത്ത ഗ്രാമീണ കർഷക പഞ്ചായത്തുകൾക്ക് അവയെ ഉദ്ധരിക്കുന്നതിന് പ്രത്യേക ഗ്രാന്റ് അനുവദിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. ശങ്കരനാരായണൻ:</u> സർ, പഞ്ചായത്തുകൾ തനതു ഫണ്ട് കൃത്യമായി പിരിച്ചെടുക്കണം. 40 ശതമാനമാണ് ഇപ്പോൾ പിരിക്കുന്നത്. അത് എഫക്ടീവായിട്ട് പിരിക്കണം. അതിനുപുറമെ വെഹിക്കിൾസ് ടാക്സ് ഉണ്ട്. മറ്റ് ആനുകൂല്യങ്ങൾ ഉണ്ട്. ഇത് പഞ്ചായത്തുകൾ വേണ്ടവിധത്തിൽ പിരിക്കുന്നില്ലെന്നുള്ളതാണ് ഇപ്പോഴുള്ള ബുദ്ധിമുട്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഒരു കൈകൊണ്ട് കൊടുക്കുകയും മറു കൈകൊണ്ട് തിരികെയെടുക്കുകയും ചെയ്യുന്ന ഒരു അസാമന്യ കൺകെട്ടു വിദ്യയുള്ള മന്ത്രിയാണ്. 3075 കോടി രൂപ ഇപ്പോൾ കൊടുത്തുവെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇന്നും അത് പഞ്ചായത്തുകൾക്ക് കിട്ടിയിട്ടില്ല. അതാതു വർഷം ആദ്യം ആ വാർഷിക പദ്ധതിക്കനുസൃതമായ പ്ലാനാണുണ്ടാക്കുന്നത്. പ്ലാൻ വെട്ടിച്ചുരുക്കുമ്പോൾ ഇതാകെ അവതാളത്തിലാകുകയും വികസന പ്രവർത്തനം സ്തംഭിക്കുന്ന സ്ഥിതിയുമാണ് കാണുന്നത്. ഇതിന് മാറ്റംവരത്തക്ക വിധത്തിൽ പ്ലാൻ വെട്ടിച്ചുരുക്കിയാലും പഞ്ചായത്തുകൾക്ക് അനുവദിച്ച പൈസ കുറയ്ക്കുകയില്ല എന്നുള്ള ഒരു തീരുമാനം ഗവൺമെന്റ് എടുക്കുമോ?

<u>ശ്രീ. കെ. ശങ്കരനാരായണൻ:</u> സർ, പ്ലാനിനെ സംബന്ധിച്ചിടത്തോളം പ്ലാൻ കട്ട് വരുമ്പോൾ ആ പ്ലാൻ ഏതെല്ലാം ഏരിയാകളിൽ ഏതെല്ലാം ഡിപ്പാർട്ടുമെന്റുകൾ ഏതെല്ലാം സ്ഥാപനങ്ങൾ ചെലവാക്കുന്നുണ്ടോ അവയ്ക്കൊക്കെ ഇത് ബാധകമായിരിക്കും.

<u>ശ്രീ. വി. കെ. ചന്ദ്രൻ:</u> സർ, 1350 കോടി രൂപയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിൽ നിന്നും 400 കോടി രൂപ തിരിച്ചു പിടിച്ചു. അത് 12 മാസഗഡുക്കളായി കൊടുക്കുമ്പോൾ കൊടുക്കുന്ന മുറയ്ക്കാണ് പ്രോജക്ടിന് ഡി.പി.സി. അംഗീകാരം കൊടുക്കുന്നത്. പണം കൊടുക്കാൻ കാലതാമസം വരുന്നതിന്റെ ഭാഗമായി ഡി.പി.സി.-യുടെ അംഗീകാരം വൈകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ട ഫണ്ട് കൃത്യമായി വിനിയോഗിക്കാൻ കഴിയാതിരിക്കുകയും ചെയ്യും. അതുകൊണ്ട് കോടിക്കണക്കിന് രൂപയുടെ സ്പിൽ ഓവർ വർക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരുകയും ഇത് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്യുന്നു. അതുകൊണ്ട് സമയ ബന്ധിതമായി പണം കൊടുക്കാനും സ്പിൽ ഓവർ വർക്കുകൾ പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: സർ, സമയോചിതമായി പണം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. അത് സമയോചിതമായിത്തന്നെ ചെലവാക്കുകയും ചെയ്യണം. കൊടുക്കുന്ന പണത്തിനുള്ള പ്രോജക്ടുകൾ ഉണ്ടാക്കി സമയാസമയങ്ങളിൽ ചെയ്യണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ബഡ്ജറ്റിൽ അനുവദിക്കുന്ന തുക അതാതു വർഷം തന്നെ ചെലവാക്കിയില്ലെങ്കിൽ സ്വീകരിക്കുന്ന നിയമപരമായിട്ടുള്ള നടപടി തന്നെയാണ് ലോക്കൽ ബോഡീസിനും സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. വർക്കല കഹാർ: സർ, ഈ പദ്ധതി പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക ചെലവാക്കാതിരിക്കുകയോ വകമാറ്റിച്ചെലവാക്കുകയോ ചെയ്യുന്ന നിരവധി സ്ഥാപനങ്ങളുണ്ട്. അവരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ചെലവാക്കാതിരിക്കുകയാണെങ്കിൽ ആ നിലയ്ക്കുള്ള നടപടി സ്വീകരിക്കും.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങൾ

*3 [207] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ ഇപ്പോൾ എത്ര ക്ഷേത്രങ്ങളുണ്ട്;

(ബി) സ്വകാര്യ വ്യക്തികളുടെയോ കുടുംബങ്ങളുടേയോ ക്ഷേത്രങ്ങൾ ഇപ്പോൾ ദേവസ്വം ബോർഡ് ഏറ്റെടുക്കാറുണ്ടോ;

(സി) എങ്കിൽ ഇങ്ങനെ ഏറ്റെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

ഭക്ഷ്യവും, സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) 1207 ക്ഷേത്രങ്ങൾ.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[7-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2 (T206)-ന്റെ ഉത്തരം ദയവായി കാണുക]

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം നൽകിയിരുന്നത് 6-8-1997-ലെ ജി.ഒ. (പി) 676/97/ഫിൻ എന്ന ഉത്തരവിലെ മാർഗ്ഗരേഖകൾ പ്രകാരമായിരുന്നു. അതനുസരിച്ച് പദ്ധതിവിഹിതം 4 ത്രൈമാസ ഗഡുക്കളായിട്ടായിരുന്നു നൽകിവന്നിരുന്നത്. ഓരോ ഗഡുവും ഉപയോഗിച്ചതിന്റെ വിനയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു തുക നൽകിവന്നിരുന്നത്. നിശ്ചിത ശതമാനം തുക ചെലവഴിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടുത്തഗഡു പദ്ധതി വിഹിതത്തിൽ അതനുസരിച്ചുള്ള കുറവു വരുത്തിയിരുന്നു. 4 ത്രൈമാസ ഗഡുക്കളായി തുക നൽകിവന്നപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വിനിയോഗ സർട്ടിഫിക്കറ്റു നിഷ്ക്കർഷിക്കാതെ തന്നെ പദ്ധതി വിഹിതം മാസ ഗഡുക്കളായി നൽകുവാൻ സർക്കാർ 2003 ജൂലൈ മാസത്തിൽ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് പുറപ്പെടുവിച്ച 9-7-2003-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 381/03/ധന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകി വരുന്ന പദ്ധതി വിഹിതം 12 തുല്യമാസ ഗഡുക്കളായി നൽകിവരുന്നു. 1-4-2004 മുതൽ ചെക്ക് വഴി പണം നൽകുന്നത് ഒഴിവാക്കി ബിൽ സിസ്റ്റത്തിലൂടെ ട്രഷറി പണമിടപാട് നടത്തുന്നതിനും കൂടി ഈ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. 26-5-2004-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 244/2004/ധന പ്രകാരം സർക്കാർ നൽകുന്ന ധനസഹായം ബിൽ സിസ്റ്റത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്നതിനാവശ്യമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പുതിയ സിസ്റ്റം നടപ്പിലാക്കുന്നതിനുവേണ്ട തയ്യാറെടുപ്പുകൾ പൂർത്തിയാകാത്തതുകൊണ്ട്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആവശ്യം പരിഗണിച്ച് ബിൽ സിസ്റ്റം നടപ്പിലാക്കുന്നതിനായി പുറപ്പെടുവിച്ച 26-5-2004-ലെ ജി.ഒ. (പി) 244/2004/ധന എന്ന ഉത്തരവ് 30-9-2004 വരെ നിർത്തിവച്ചുകൊണ്ട് 24-6-2004-ൽ ജി.ഒ. (പി) 296/2004/ധന എന്ന നമ്പറിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം 30-9-2004 വരെ പദ്ധതി വിഹിതവും മറ്റു പ്ലാൻ നോൺപ്ലാൻ ഫണ്ടുകളും മുൻ വർഷത്തെ മാർഗ്ഗ രേഖകൾ അനുസരിച്ച് വിതരണം ചെയ്യുന്നതാണ്. 1-10-2004 മുതൽ ബിൽ സിസ്റ്റം നടപ്പിൽ വരുന്നതുമാണ്.

എല്ലാ വകുപ്പുകളുടേയും ട്രഷറി പണമിടപാടുകൾ ക്രമീകരിക്കുന്ന നടപടിക്രമമനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്രതിമാസ പദ്ധതി ചെലവ് മൊത്തം ബഡ്ജറ്റ് വിഹിതത്തിന്റെ 1/14 ആയി ക്രമപ്പെടുത്തേണ്ടതാണ് എന്ന് 11-6-2004-ലെ ജി.ഒ. (പി) 275/2004/ധന എന്ന ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഡിസംബർ മാസത്തിൽ ബഡ്ജറ്റ് തുകയുടെ വിനിയോഗം അവലോകനം ചെയ്ത് അനുവദിക്കേണ്ട തുകയുടെ പരിധി പുനർനിർണ്ണയം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly